(ബി) സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി എന്തെങ്കിലും പാക്കേജ് നടപ്പിലാക്കിയോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശ മേഖലകളിൽ സ്ത്രീകൾക്കെതിരെ അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം പ്രവണതകൾക്കെതിരെ എന്തു സമീപനമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 40,445 മത്സ്യത്തൊഴിലാളികൾക്ക് ചെലവാക്കിയ തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

1. എൻ.സി.ഡി.സി. സഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 2001 പ്രകാരം 200 ലക്ഷം രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് ഇതിൽനിന്ന് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി 5% പ്രതിവർഷ പലിശ നിരക്കിൽ 4000 രൂപ വീതം പ്രവർത്തന മൂലധനവായ്പയായി 5000 മത്സ്യത്തൊഴിലാളി വനിതകൾക്ക് വിതരണം ചെയ്തുവരുന്നു.
2. ന്യൂ സ്വർണ്ണിമ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 294 വനിതകൾക്ക് 45.362 ലക്ഷം രൂപ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.
3. വില കുറഞ്ഞ മത്സ്യത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള കേന്ദ്ര സംസ്ഥാന ഗ്രാന്റായി 99.25 ലക്ഷം രൂപ വിനിയോഗിച്ച് 500 വനിതകൾക്ക് പരിശീലനം നല്കുകയും ഉല്പാദന യൂണിറ്റുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.
4. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 19,000 മത്സ്യത്തൊഴിലാളി സ്ത്രീകളെ സമ്പാദ്യ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടു. സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ലഭിച്ചാൽ നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇത്തരം പരാതികൾ അന്വേഷിക്കുവാൻ ഒരു വനിതാ എസ്.പി.-യുടെ കീഴിൽ വനിതാ സെല്ലും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ അക്വേറിയങ്ങളും ആക്കുളത്തെ അക്വേറിയം നിർമ്മാണവും

79 [2799] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാം അക്വേറിയങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റിന്റെയും ഡിപ്പാർട്ടുമെന്റുകളുടേയും നിയന്ത്രണത്തിലുള്ള അക്കേറിയങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(സി) സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും എത്ര അക്കേറിയങ്ങൾ നടത്തുന്നുണ്ട്;

(ഡി) ആക്കുളത്ത് അക്കേറിയം നിർമ്മിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അക്കേറിയം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(എഫ്) കേരള സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി വിഭാഗത്തിന്റെ പക്കലുള്ള വിലപ്പെട്ട ഉപകരണങ്ങൾ ആക്കുളത്തെ അക്കേറിയത്തിന് നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത അക്കേറിയം എത്രയും വേഗം പ്രവർത്തനക്ഷമമാക്കാൻ തിരുവനന്തപുരം നഗരസഭ, ജില്ലാപഞ്ചായത്ത്, കേരള യൂണിവേഴ്സിറ്റിയുടെ അക്വാട്ടിക്ക് ബയോളജി വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയെ ഉൾപ്പെടുത്തി ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കുമോ?

ഉത്തരം

(എ) മലമ്പുഴയിൽ.

(ബി) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത്.

(സി) സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അക്കേറിയങ്ങൾ നടത്തുന്നതായി അറിവില്ല.

(ഡി) 10 ലക്ഷ രൂപയും, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സേവനവും നൽകിയിട്ടുണ്ട്.

(ഇ) അക്കേറിയം കെട്ടിടത്തിന്റെ പകുതിഭാഗം റൂഫ് ലെവൽ കഴിഞ്ഞ് വാർക്കുകയും ബാക്കി ഭാഗം റൂഫ് ലെവൽ വരെ ഇഷ്ടിക കെട്ടുകയും ചെയ്തിരിക്കുന്നു. ബാക്കി പണി പൂർത്തിയാക്കുന്നതിനായി പുതുക്കി എസ്റ്റിമേറ്റ് സഹിതം പദ്ധതി സാങ്കേതിക അനുമതി തേടുകയാണ്.

(എഫ്) ഇല്ല.

(ജി) ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly